**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: *201 — 17.06.2014-ൽ മറുപടിയ്ക്ക്

## സ്റ്റുഡൻസ് ഹെൽത്ത് എഡ്യൂക്കേഷൻ പ്രൊമോട്ടർ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ | കുമാരി.പി.കെ.ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ) | സ്റ്റുഡൻസ് ഹെൽത്ത് എഡ്യൂക്കേഷൻ പ്രൊമോട്ടർ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കാമോ; | എ) | മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ തിരഞ്ഞെടുക്കപ്പെട്ട 130 വിദ്യാർത്ഥി വിദ്യാർത്ഥിനികൾക്കായി ആരോഗ്യ പരിപാലനം, പ്രഥമശുശ്രൂഷ, വ്യക്തി ശുചിത്വം, സാമൂഹിക ശുചിത്വം, കുടിവെള്ള പരിപാലനം, ജീവിതശൈലി രോഗങ്ങൾക്കെതിരെയുള്ള പ്രതിരോധം, പുകവലി, പാൻപരാഗ്, പാൻമസാല, മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം കൊണ്ടുള്ള ദൂഷ്യങ്ങൾ എന്നീ വിഷയങ്ങളിൽ ആരോഗ്യ വകുപ്പുമായി ചേർന്ന് വിദ്യാർത്ഥികൾക്ക ബോധവൽക്കരണം നൽകി, മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ ഹെൽത്ത് ക്ലബുകൾ രൂപീകരിക്കുകയും പരിശീലനം ലഭിച്ച വിദ്യാർത്ഥികൾ മറ്റുള്ള വിദ്യാർത്ഥികൾക്കും |

| | | | |
|---|---|---|---|
| | | | പട്ടികവർഗ്ഗ സങ്കേതങ്ങളിലും ആരോഗ്യ പരിപാലന ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുകയും ചെയ്യുകയാണ് സ്റ്റുഡന്റ്സ് ഹെൽത്ത് എഡ്യൂക്കേഷൻ പ്രൊമോട്ടർ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ. |
| ബി) | പട്ടികവർഗ്ഗ കോളനികളിലും ആദിവാസി വിദ്യാർത്ഥികൾക്കിടയിലും ആരോഗ്യ ശുചിത്വ ബോധവൽക്കരണം നടത്തുവാൻ എന്തെല്ലാമാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; | ബി) | ആലപ്പുഴ ഗവൺമെന്റ് റ്റി.ഡി മെഡിക്കൽ കോളേജിലെ ഡോക്ടർമാർ മുഖേന, തെരഞ്ഞെടുക്കപ്പെട്ട മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ 130 വിദ്യാർത്ഥി വിദ്യാർത്ഥിനികൾക്കും അദ്ധ്യാപകർക്കുമായി 2013 മെയ് 26 മുതൽ 31 വരെ പുന്നപ്ര മോഡൽ റസിഡൻഷ്യൽ ഹയർ സെക്കന്ററി സ്കൂളിൽ വച്ച് ഈ വിഷയത്തിൽ പരിശീലനം നൽകിയിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിലെ എല്ലാ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും പ്രസ്തുത പരിശീലനം പൂർത്തിയാക്കിയ വിദ്യാർത്ഥികൾ മുഖേന അതാത് സ്കൂളുകളിലെ ബയോളജി ടീച്ചർ കൺവീനറായി രൂപീകരിച്ച ഹെൽത്ത് ക്ലബുകൾ വഴി സ്ഥാപനത്തിലും മറ്റ് പട്ടികവർഗ്ഗ സങ്കേതങ്ങളിലും ആരോഗ്യ പരിപാലന ബോധവൽക്കരണ ക്ലാസ്സുകളും ശുചിത്വ പരിപാടികളും നടത്തുക എന്നീ കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. |
| സി) | പദ്ധതിയുടെ നടത്തിപ്പിനായി ഏതെല്ലാം ഏജൻസികളാണ് സഹകരിക്കുന്നത്; | സി) | കുടുംബശ്രീ, ആരോഗ്യ വകുപ്പ് എന്നിവയുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്. |

| | | | |
|---|---|---|---|
| ഡി) | പദ്ധതിയുടെ നടത്തിപ്പിനായി ആരെയൊക്കെയാണ് ചുമതലപ്പെടുത്താൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | ഡി) | പദ്ധതിയുടെ നടത്തിപ്പിനായി അതാത് മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ ഹെൽത്ത് ക്ലബുകൾ രൂപീകരിച്ച പ്രവർത്തനം നടത്തുന്നു. പ്രസ്തുത ഹെൽത്ത് ക്ലബുകളിൽ സ്കൂൾ പ്രിൻസിപ്പൽ/ഹെഡ്മാസ്റ്റർ ചെയർമാനും അടുത്തുള്ള പി.എച്ച്.സി.യിലെ മെഡിക്കൽ ഓഫീസർ ഉപദേശകനും ത്രിതല പഞ്ചായത്തിലെ അംഗങ്ങൾ, പി.റ്റി.എ പ്രതിനിധി, ഒരു സാമൂഹ്യ പ്രവർത്തകൻ, സ്കൂൾ ലീഡർ എന്നിവർ അംഗങ്ങളും ഒരു അദ്ധ്യാപകൻ കൺവീനറും ആയിരിക്കുന്നതാണ്. |
| ഇ) | പ്രസ്തുത പദ്ധതി എന്നുമുതൽ നടപ്പാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്? | ഇ) | പട്ടികവർഗ്ഗ വികസന വകുപ്പിലെ എല്ലാ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും ഹെൽത്ത് ക്ലബുകൾ ആരംഭിച്ചുകൊണ്ട് 2013-14 അദ്ധ്യയന വർഷാരംഭം മുതൽ പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ